**മൂന്നു പ്രദേശങ്ങളെ കണ്ടൈന്‍മെന്‍റ് പട്ടികയില്‍ നിന്നൊഴിവാക്കി**

ആലപ്പുഴ: കോവിഡ് 19 വ്യാപന പ്രതിരോധത്തിന്‍റെ ഭാഗമായി ജില്ലയില്‍ കണ്ടൈന്‍മെന്‍റ് സോണുകളായി നേരത്തെ പ്രഖ്യാപിച്ച അരൂര്‍ ഗ്രാമപഞ്ചായത്തിലെ ഒന്നാം വാര്‍ഡ്,ചെന്നിത്തലയിലെ പതിനാലാം വാര്‍ഡ്,പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിലെ രണ്ടാം വാര്‍ഡ് തുടങ്ങിയ പ്രദേശങ്ങളെ കണ്ടൈന്‍മെന്‍റ് പട്ടികയില്‍ നിന്നൊഴിവാക്കി.

നിലവില്‍ ജില്ലയില്‍ കണ്ടൈന്‍മെന്‍റ് സോണ്‍ പട്ടികയിലുള്ള പ്രദേശങ്ങള്‍: ചേര്‍ത്തല താലൂക്കിലെ പട്ടണക്കാട് ഗ്രാമ പഞ്ചായത്ത് വാര്‍ഡ് 16, തുറവൂര്‍ ഗ്രാമപഞ്ചായത്ത് വാര്‍ഡ് 1, 16, 18, കുത്തിയതോട് ഗ്രാമ പഞ്ചായത്ത് വാര്‍ഡ്, 1, 16, എഴുപുന്ന ഗ്രാമപഞ്ചായത്ത് വാര്‍ഡ് 15.

അമ്പലപ്പുഴ താലൂക്കിലെ, ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് എല്ലാ വാര്‍ഡുകളും, അമ്പലപ്പുഴ സൗത്ത് പഞ്ചായത്തിലെ വാര്‍ഡ് 2.

കാര്‍ത്തികപ്പള്ളി താലൂക്കിലെ, കരുവാറ്റ ഗ്രാമപഞ്ചായത്ത് വാര്‍ഡ് 4,കായംകുളം നഗരസഭയിലെ എല്ലാ വാര്‍ഡുകളും.

ചെങ്ങന്നൂര്‍ താലൂക്കിലെ ചെറിയനാട് ഗ്രാമപഞ്ചായത്ത് വാര്‍ഡ് 7, ചെങ്ങന്നൂര്‍ നഗരസഭയിലെ വാര്‍ഡ് 14, 15, വെണ്മണി ഗ്രാമപഞ്ചായത്ത് വാര്‍ഡ് 8.

മാവേലിക്കര താലൂക്കിലെ പാലമേല്‍ പഞ്ചായത്ത് വാര്‍ഡ് 14, ഭരണിക്കാവ് ഗ്രാമപഞ്ചായത്ത്, 5, 12, 13, 14, വാര്‍ഡുകള്‍, തെക്കേക്കര ഗ്രാമ പഞ്ചായത്ത് എല്ലാ വാര്‍ഡുകളും, നൂറനാട് ഗ്രാമപഞ്ചായത്ത് വാര്‍ഡ് 15 - പാലമേല്‍ പാറ്റൂര്‍ റെസിഡന്‍ഷ്യല്‍ ഏരിയ.

**ഉദ്യോഗാര്‍ഥികളുടെ രജിസ്ട്രേഷന്‍ ഓണ്‍ലൈനില്‍ മാത്രം**

ആലപ്പുഴ: കോവിഡ് 19 പ്രതിരോധത്തിന്‍റെ ഭാഗമായി തിരക്ക് ഒഴിവാക്കുന്നതിന് എംപ്ലോയ്മെന്‍റ് എക്സ്ചേഞ്ചുകളിലെ പുതിയ രജിസ്ട്രേഷന്‍, പുതുക്കല്‍, സര്‍ട്ടിഫിക്കറ്റ് ചേര്‍ക്കല്‍ തുടങ്ങിയ സേവനങ്ങള്‍ സെപ്റ്റംബര്‍ 30 വരെ ഉദ്യോഗാര്‍ഥികളുടെ സൗകര്യാര്‍ത്ഥം www.eemployment.kerala.gov.in എന്ന വെബ് സൈറ്റിലൂടെ ഓണ്‍ലൈനായി മാത്രമെ ലഭ്യമാകൂ എന്ന് ചേര്‍ത്തല എംപ്ലോയ്മെന്‍റ് ഓഫീസര്‍ അറിയിച്ചു. 2020 ജനുവരി മുതല്‍ 2020 സെപ്റ്റംബര്‍ വരെ രജിസ്ട്രേഷന്‍ പുതുക്കേണ്ട ഉദ്യോഗാര്‍ഥികള്‍ക്ക് ഡിസംബര്‍ 31 വരെ രജിസ്ട്രേഷന്‍ പുതുക്കല്‍ അനുവദിക്കും. 03/ 19നോ അതിനുശേഷമോ രജിസ്ട്രേഷന്‍ പുതുക്കേണ്ട പട്ടികജാതി/പട്ടിക വര്‍ഗ വിഭാഗത്തില്‍പ്പെട്ട ഉദ്യോഗാര്‍ഥികള്‍ക്കും ഈ അനുകൂല്യം 2020 ഡിസംബര്‍ 31 വരെ ലഭിക്കും. ഈ കാലയളവില്‍ ഉദ്യോഗാര്‍ഥികള്‍ക്ക് ഫോണ്‍/ഇ മെയില്‍ മുഖേന അതത് എംപ്ലോയ്മെന്‍റ് എക്സ്ചേഞ്ചുകളില്‍ ബന്ധപ്പെട്ടും രജിസ്ട്രേഷന്‍ പുതുക്കാം.

2019 ഡിസംബർ 20 മുതൽ ഓൺലൈൻ രജിസ്ട്രേഷൻ/സർട്ടിഫിക്കറ്റ് ചേർക്കൽ നടത്തിയ ഉദ്യോഗാർഥികൾക്ക് അസൽ സർട്ടിഫിക്കറ്റുകൾ 2020 ഒക്ടോബർ മുതൽ 2020 ഡിസംബർ 31-നകം അതത് എക്സ്ചേഞ്ചിൽ ഹാജരാക്കണം. ശരണ്യ/കൈവല്യ തുടങ്ങിയ സ്വയംതൊഴിൽ പദ്ധതികളുടെ വായ്പതിരിച്ചടവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി താൽക്കാലിക നിയമനം കിട്ടിയവരുടെ വിടുതൽ സർട്ടിഫിക്കറ്റ് ചേർക്കൽ എന്നീ സേവനങ്ങൾ ബന്ധപ്പെട്ട എക്സ്ചേഞ്ചുവഴി നേരിട്ട് ലഭ്യമാക്കും. 2019 ഡിസംബർ 20ന് ശേഷം ജോലിയിൽ നിന്നു നിയമാനുസൃതം വിടുതൽ ചെയ്യപ്പെട്ട് ഡിസ്ചാർജ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന ഉദ്യോഗാർഥികൾക്ക് ഡിസംബർ 31വരെ സീനിയോറിറ്റി നിലനിർത്തി വിടുതൽ സർട്ടിഫിക്കറ്റ് ചേർത്ത് നൽകും. ഓൺലൈൻ സേവനങ്ങൾ സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾക്കും സംശയ നിവാരണത്തിനും teectla.emp.lbr@kerala.gov.in എന്ന ഇ മെയിൽ ഐ ഡിയിലോ 0478- 2813038 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടണം.